*കഥ*

# *ജിഹാദ്*

വിജയകുമാർ കളരിക്കൽ

മുറിയിൽ അയാളും അവനും മാത്രമേയുള്ളൂ. ആ മുറിയ്ക്കു പുറത്ത്, ആ മുറിയെ ഉൾക്കൊണ്ട് വലിയൊരു വീടാണ്. അതേപോലെ അഞ്ചോ ആറോമുറികളും സൗകര്യങ്ങളുംമൊക്കെയായിട്ട്.

ആ വീട്ടിലും അവർ മാത്രമേയുള്ളൂ.

വീടിനു പുറത്ത് വിശാലമായ കൃഷിയിടമാണ്, തെങ്ങും കമുകും റബ്ബറും ഒക്കെയായിട്ട് വലിയൊരു എസ്റ്റേറ്റ്.

അവിടെയും അവർ രണ്ടുപേർ മാത്രമേയുള്ളൂ.....

വൈദ്യുതിയില്ലാതെ, തീറ്റി മേശയുടെ നടുവിൽ കൊളുത്തി വച്ച മെഴുകുതിരി വെളിച്ചത്തിൽ അവർക്ക് രണ്ടാൾക്കും മുഖങ്ങൾ കാണാം.

ഉദ്ദേശം രണ്ടുമണിക്കൂർമുമ്പാണ് വൈദ്യുതി നഷ്ടമായത്, അകാലത്തിലുണ്ടായ കാറ്റും ഇടിയും മിന്നലും മഴയുമാണ് കാരണം.

ഒരു പക്ഷെ, മഴയും കാറ്റും അകാലത്തിലല്ലെന്ന് മറ്റുള്ളവർ പറയും................

അധികം നീണ്ടുനില്ക്കാതെ മഴയും കാറ്റും അകന്നു, അന്തരീക്ഷം തെളിഞ്ഞ്, നാട്ടു വെളിച്ചം പരന്നിട്ടുണ്ട്. മേഘങ്ങൾ അകന്ന് നക്ഷത്രങ്ങളും എത്തിയിട്ടുണ്ട്. ചന്ദ്രികയണയാൻ ഇനിയും വൈകാം.

വിശാലമായ. ആ തൊടിയ്ക്കു പുറത്ത് ഒരു ഗ്രാമമുണ്ട്. ഗ്രാമത്തിൽ അടുത്തടുത്ത് വീടുകളുണ്ട്, ശബ്ദങ്ങളുമുണ്ട്.

അവിടെ നിന്നുള്ള ഗാനങ്ങളും സംസാര ശബ്ദങ്ങളും ശ്രദ്ധിച്ചാൽ കേൾക്കാനുമാകും.............

പക്ഷെ, അയാളും അവനും അടച്ചിട്ടിരിയ്ക്കുന്ന വീടിനുള്ളിലെ മുറിയിൽ അതുകളൊന്നും കേൾക്കാതെ ആഹാരം കഴിയ്ക്കുന്നു.

അയാൾ മുപ്പതുകാരനാണ്, ഇരുനിറത്തിൽ കുറ്റിത്തലമുടിയും വൃത്തിയായി വെട്ടിയൊതുക്കിയ താടിയുമുണ്ട്.

അവന് ഇരുപതു വയസ്സിൽ താഴയേ പ്രായമുള്ളൂ. മീശ കനത്തു തുടങ്ങി, ബലം കുറഞ്ഞ താടിരോമങ്ങൾ അവിടവിടെ കാണാം. അവയെ യഥേഷ്ടം വളരാൻ വിട്ടിരിയ്ക്കുന്നതല്ല.

മദ്യത്തിന്റെ കുപ്പി തുറന്ന് ലാഘവത്തോടെ ഗ്ലാസ്സിൽ പകർന്ന് ആവശ്യത്തിന് വെള്ളം ചേർത്ത് അയാൾ കഴിയ്ക്കുന്നു, കൂടെ ഭക്ഷണവും.

"ഇത് ഹറാമാന്ന് അറിയാഞ്ഞല്ല എനിയ്ക്കിതില്ലാതെ പറ്റില്ല.........നെനക്കറിയ്യോ.....ന്റ മുന്നിലിട്ടാ ന്റ ബാപ്പയെ വെട്ടിയെ........... എനിക്കന്ന് പതിനൊന്ന് വയസ്സാ.........ബാപ്പാക്ക് ലോട്ടറി കച്ചോടാരുന്നു. വെളുത്ത മുണ്ടും വെളുത്ത കുപ്പായോം ആരുന്നു ബാപ്പാക്കിഷ്ടം..............ടൗണില് എല്ലാ മുക്കിലും ബാപ്പാന്റെ കയ്യീന്ന് ലോട്ടറി വാങ്ങാൻ ആളൊണ്ടാരുന്നു. മുസൽമാൻമാരു മാത്രമല്ല ക്രിസ്ത്യാനിം, ഹിന്ദൂം എല്ലാം. സ്ക്കൂളില്ലാത്ത ദെവസം ബാപ്പാടെ കൂടെ ഞാനും കച്ചോടത്തിന് പോകും......ബാപ്പ ആളുകളോട് മിണ്ടീം പറഞ്ഞും നടക്കണതു കാണാൻ നല്ല രസമാർന്നു............ഒരു ദെവസം പട്ടാപ്പകല് റോഡിലിട്ട് അവര് വെട്ടി.........ടാറിട്ട റോഡില് ചോരേക്കെടന്ന് പെടഞ്ഞ് ചാവണത് ഞാൻ കണ്ടുനിന്നു...........ഒന്നു കരയാൻ പോലും എനിയ്ക്ക് ഏക്കമില്ലായിരുന്നു........"

വീണ്ടും ഗ്ലാസ്സിൽ പകർന്ന മദ്യം അയാൾ ലാഘവത്തോടെയല്ല കുടിച്ചത്, അമർഷത്തോടെ എല്ലാറ്റിനേയും നശിപ്പിയ്ക്കാനുള്ള വാശിയിലായിരുന്നു. പിന്നെ നിശ്ശബ്ദമായിരുന്നു പുകവലിച്ചു.

അവൻ ബിരിയാണിച്ചോറിൽ ഒളിച്ചിരുന്ന മുട്ട കണ്ടെത്തിയതേയുണ്ടായിരുന്നുള്ളൂ. അതിനെ ഉടച്ചു തിന്നാതെ അയാളെ നോക്കിയിരുന്നു.

മെഴുകുതിരി പകുതിയോളം കത്തിയിരുന്നു.

"ന്റെ ബാപ്പായെ കൊന്നതെന്തിനെന്നറിയോ..........മുസൽമാനായതുകൊണ്ടു മാത്രമാ......."

അയാൾ നാരങ്ങ അച്ചാർ അപ്പാടെ തോണ്ടി നാവിൽ തേച്ചു.

"എരിവില്ല ഒന്നിനും എനിക്കെല്ലാത്തിനും നല്ല എരിവു വേണം......."

ബിരിയാണിയിൽ അയാൾക്ക് കിട്ടിയത് കോഴിയുടെ മാറിലെ അസ്ഥിക്കൂടാണ്. അയാളത് ചപ്പി വലിച്ചു.

"ഗ്രേവിയ്ക്കും എരിവില്ല.......... അവമ്മാര് മധുരം ചേർത്തേക്കാന്നാ തോന്നുന്നേ............ "

എങ്കിലും അയാളുടെ മുഖത്ത് എരിവുണ്ട്. ഒരു പക്ഷെ, അത് മുഖത്തിന്റെ ഛായയാവാം. അല്ലെങ്കിൽ മനസ്സിന്റെ പ്രതിഫലനമാകാം.

"ഉമ്മാടെ നിക്കാഹ് പിന്നേം നടന്നു...... പക്ഷേല് എളേപ്പാക്ക് ഉമ്മാനെ മതിയാരുന്നു. ഉമ്മാക്കും വേറെ പാങ്ങില്ലായിരുന്നു. പിന്നെഞാങ്കഴിഞ്ഞത് പട്ടണത്തിലാ.......പാട്ട പെറുക്കി വിറ്റും ചായക്കടേലെ പാത്രം കഴുകിയും.... മുട്ടും കാലും ഒറച്ചപ്പൊ ഒരാളെ കൂട്ടുകിട്ടി..അയാളെനിക്ക് ബിരിയാണീം നെയ്ച്ചോറും മേടിച്ചു തന്നു, ചെലപ്പൊ ലഹരി മരുന്നും തന്നു... അയാളെന്നെ ജിഹാദെന്തെന്ന് പഠിപ്പിച്ചു... ലഹരിമരുന്ന് കച്ചോടോം.....''

അവന് തോന്നി മുറിയിലെ വൈദ്യുതി വിളക്കൊന്ന് തെളിഞ്ഞെന്ന്. പക്ഷെ, അതായിരുന്നില്ല, മെഴുകുതിരി ആളിപ്പടർന്ന് തീരുന്നതായിരുന്നു.

കെട്ട മെഴുകുതിരിക്ക് പകരം കൊളുത്തി, ഒഴിഞ്ഞ പാത്രങ്ങൾ പെറുക്കി തറമേൽ അടുക്കി വച്ചു, അവൻ. അയാളുടെ കുപ്പിയും ഗ്ലാസ്സും മാത്രം മേശമേലിരുന്നു.

അവനും പറയാൻ വേദനിപ്പിക്കുന്നൊരു കഥയുണ്ട്.....

ചന്തയിൽ നിന്നും മത്സ്യം വാങ്ങി സൈക്കളിൽ വച്ചു കെട്ടി വില്പന നടത്തി, ഉച്ചയ്ക്കുശ്ശേഷം കുളിച്ചു അത്തറു പൂശ്ശി ഉമ്മയോടും മക്കളോടും തമാശ്ശകൾ പറഞ്ഞ് കളിയ്ക്കുമായിരുന്ന അവന്റെ ബാപ്പ.......

ഒരുനാൾ കച്ചവടം കഴിഞ്ഞെത്തേണ്ട സമയത്ത് ആശുപത്രി കിടക്കയിൽ വച്ചുകെട്ടുകളുമായി കിടക്കുന്ന വാർത്തയാണറിഞ്ഞത്. പുലർച്ചയിൽ ചന്തയിൽ നിന്നും മടങ്ങും വഴിയ്ക്ക് ഏതോ അജ്ഞാത വാഹനത്തിന്റെ അടിയിൽ പെട്ട് മണിക്കൂറുകളോളം രക്തമൊലിച്ച്, അബോധാവസ്ഥയിൽ റോഡു വക്കിൽ കിടന്നിരുന്നു. അതു വഴിയെത്തിയ സഹപ്രവർത്തകന്റെ കനിവിൽ മരണത്തിനു മുമ്പ് ആശുപത്രിയിലെത്തുകയായിരുന്നു.

പിന്നീടുണ്ടായ ദുരിതങ്ങളിലേയ്ക്ക് ബാപ്പായ്ക്കുള്ള മരുന്നായി, അവനും ഉമ്മയ്ക്കും പെങ്ങൾക്കും ആഹാരവും വസ്ത്രങ്ങളുമായി അദ്ദേഹം വരികയായിരുന്നു.

അദ്ദേഹം അവനേയും പഠിപ്പിച്ചത് ജിഹാദിനെക്കുറിച്ചായിരുന്നു.

വിശുദ്ധ യുദ്ധത്തെക്കുറിച്ച്.......

കാഷ്മീരിൽ നടക്കുന്നതും, ഒസാമയും മുല്ല ഒമറും മറ്റും ചെയ്യുന്നതും വിശുദ്ധ സമരമാണത്രെ.....

ഇവിടെ ഈ ഗ്രാമത്തോടു ചേർന്നുള്ള പട്ടണത്തിൽ അവനും അങ്ങിനെയെന്തോ ചെയ്യാനുണ്ടത്രെ....

മൂന്നു ദിവസമായിട്ട് ആരുടേതോ ആയൊരു വീട്ടിൽ അവനും അയാളും ഒളിപാർക്കുകയാണ്. ഇനിയും ആരേയെല്ലാമോകാത്തുകൊണ്ട്,എന്തെല്ലാമോ അടുപ്പിച്ചുകൊണ്ട്.......ഇനിയും തുറക്കാത്ത അവർ സൂക്ഷിയ്ക്കുന്ന ബാഗിൽ മാരകമായ ആയുധങ്ങളും പൂപോൽപൊട്ടിവിടരുന്ന സ്പോടകവസ്തുക്കളുണ്ടെന്നും അവനറിയുന്നു.....

ഒരു പക്ഷെ, ഒരു അഗ്നികുണ്ഡമായിട്ടവനും ഒരു സമൂഹത്തിന് നടുവിലേയ്ക്കോ, ഒരു വ്യവസായ സ്ഥാപനത്തിലേയ്ക്കോ, സർക്കാർ സ്ഥാപനത്തിലേയ്ക്കോ കയറിയേക്കാമെന്നും അറിയുന്നു.

പക്ഷെ, എന്തുകൊണ്ട് അവന് ഇതിൽ നിന്നെല്ലാം ഒളിച്ചോടിക്കൂടാ.....?!

അവന്റെ ഉൾക്കണ്ണുകൾക്ക് മുന്നിൽ, വീട്ടിലെ, അയഞ്ഞുതൂങ്ങിയ കട്ടിലിൽ അനക്കമില്ലാതെ കിടക്കുന്ന ബാപ്പായുടെ മുഖം...., നിറഞ്ഞ കണ്ണുകളുള്ള ഉമ്മയുടെ മുഖം... ഒരായിരം ഉമ്മകൾ കൊടുത്തിട്ടുള്ള കുഞ്ഞു പെങ്ങളുടെ മുഖം....

ന്റെ റബ്ബേ...!

പരമകാരുണികനായ.....

ഒരു സ്പോടനം കേട്ടതുപോലെ അവൻഞെട്ടി വിറച്ചുപോയി,

അയാളും.

അയാൾ ഉറക്കത്തിലായിരുന്നു, ഊണു മേശയിലെ കസേരയിൽ ഇരുന്നുതന്നെ.

സ്പോടനമെന്നത് അവരുടെ തോന്നൽ മാത്രമായിരുന്നു. വീടിന്റെ ഉമ്മറവാതിലിൽ ആരോ ശക്തിയായിത്തട്ടി വിളച്ചതാണ്.

അയാളുടെ മുഖം ഭയചികിതമായി, മദ്യത്തിന്റെ ആലസ്യതപറന്നുപോയി.

മുറിയുടെ മൂലയിൽ കരുതിയിരുന്ന ബാഗ്തുറന്ന് ആയുധങ്ങൾ കൈക്കലാക്കി, അവനെയും ആയുധ ധാരിയാക്കി. വെട്ടിത്തിളങ്ങുന്ന, നീളമുള്ള, ഇരുതലയും മൂർച്ചയുള്ള വാളുകളായിരുന്നു അവകൾ.

അതിന്റെ പിടിയിൽ വിരലുകൾ അമർന്നപ്പോൾ തന്റെ ദേഹത്തിന്റെ വിറയൽ അവന് അളക്കാനാവുന്നുണ്ട്.... ഏതുനേരത്തും വിറയലുകൊണ്ട് അത് താഴെ വീഴുമെന്നവൻ ഭയന്നു.

വളരെ ഘനമേറിയ ഒരു ബാഗ് അവന്റെ പുറത്തു കെട്ടി വച്ചിട്ട്, അയാൾ കരുതലോടെ മെഴുകുതിരി അണച്ച് ഉമ്മറവാതില്ക്കലേയ്ക്ക് നടന്നു.

മുട്ടുന്ന ശബ്ദം നിലയ്ക്കാതെ തുടരുകയായിരുന്നു.

പെട്ടന്ന് തുറന്ന വാതിലിനുള്ളിലേയ്ക്ക് ആ പെൺകുട്ടി വീഴുകയായിരുന്നു. നാട്ടുവെളിച്ചത്തിൽനിഴൽ പോലെ അവർക്ക് അവളെക്കാണാനാവുന്നുണ്ട്.

ഇരുളിനെയോ അവരെയോ ഭയക്കാതെ അവളെഴുന്നേറ്റു നിന്നു, നിശ്ശബ്ദമായിട്ട്....

നിമിഷങ്ങളോളം....

എവിടെ നിന്നാണ് തുടങ്ങേണ്ടതെന്നോ, എന്താണ് ചെയ്യേണ്ടതെന്നോ അവർക്കറിയില്ലായിരുന്നു. അവളിൽ നിന്നും വികലമായിട്ടുള്ള, അല്ലെങ്കിൽ പ്രതികൂലമായിട്ടുള്ള ചെറിയൊരു നീക്കമുണ്ടായാൽ ആക്രമിയ്ക്കാൻ അവർ സജ്ജരുമായിരുന്നു.

ആ നിശ്ശബ്ദയിലേയ്ക്കവളുടെ നേർത്തശബ്ദം കിനിഞ്ഞിറങ്ങി.

“എന്നെ പുറത്താക്കല്ല്.. ദയവായി...നിങ്ങൾക്കെന്തു വേണമെങ്കിലും ചെയ്യാം...എന്നെ ജീവനോടെ പുറത്താക്കല്ല്..... ’’

അവൾ അയാളുടെ കാൽക്കൽ പ്രണമിയ്ക്കുകയാണ്. പക്ഷെ, അവൻ ഒന്നും മനസ്സിലാകെ അവൾക്കു പിന്നാലെയെത്തുന്ന ശക്തിയെ കാത്തു.

നാട്ടു വെളിച്ചത്തിൽ വീട്ടിലേയ്ക്കുള്ള വഴി വിജനമായിരുന്നു.

പെട്ടന്ന് മുൻവാതിൽ അടച്ച് അയാൾ അവളെ ഊണു മുറിയിലേയ്ക്ക് വലിച്ചിഴച്ചു. കത്തിച്ച മെഴുകുതിരിയ്ക്ക് മുന്നിൽ അവളെ നിർത്തി, കണ്ഠ നാഴിയ്ക്ക് കത്തി ചേർത്ത്....

മങ്ങിയ വെളിച്ചത്തിൽ അവന് അവളുടെ മുഖം കാണാം. അവിടെ ഭീതിയോ, ചഞ്ചലതയൊ ഇല്ല. മരിച്ചൊരു പെൺകുട്ടിയുടെ മുഖം പോലെ.....

അവളുടെ വസ്ത്രങ്ങൾ വലിഞ്ഞു കീറിയിരിയ്ക്കുന്നു, താഴ്ച്ചുണ്ട് മുറിഞ്ഞ് ചോരയൊലിയ്ക്കുന്നു.

പീഡിപ്പിയ്ക്കപ്പെട്ടതുപോലെ....

അയാൾ ചോദിച്ചു.

‘‘-ആരാണു നിന്നെ........?’’

‘‘അച്ഛൻ.. എന്റെ അച്ഛൻ..’’

അയാളുടെ കൈ അയഞ്ഞു. കത്തി പിൻ വലിഞ്ഞു.

അവൾ കുഴഞ്ഞ് നിലത്തിരുന്നു, മുഖം പൊത്തി...

അയാൾ ക്ഷീണിച്ചിരിയ്ക്കുന്നു, തളർന്നിരിയ്ക്കുന്നു. കത്തി താഴെയിട്ട്, തോളിൽ നിന്നും ബാഗ് താഴെയിറക്കി, കസ്സേരയിൽ അമർന്നിരിന്നു.

അവൻ ഒന്നും ചെയ്യാൻ കഴിയാതെ, വാളേന്തിയ പ്രതിമപോലെ നിന്നു.

“-അയാൾ നിന്റെ പൊറകെ വന്നില്ലേ.....? ’’

“ഗെയിറ്റുവരെ........’’

“-പിന്നെ........?’’ .

“-തിരിച്ചുപോയി.......”

“-ങും......?”

“-ഇങ്ങോട്ട് വരില്ല. നിങ്ങളെ പേടിയാ..........’’

“-എന്തിന്.......?”

“-നിങ്ങളെ അറിയാം.....”

“-എങ്ങിനെ.....?”

“പോലീസ്സുകാരനാ........”

അവന് തോന്നി, അവൾ ഭൂതത്തെവിട്ട് കടലിലേയ്ക്കിറങ്ങുകയാണെന്ന്.

പക്ഷെ, അയാൾ ഒരലർച്ചയോടെ എഴുന്നേറ്റു. അവളുടെ മേലേയ്ക്ക് ചാടി വീണു. വസ്ത്രങ്ങളെ പിച്ചിചീന്തീകൊണ്ട് നഖങ്ങളാൽ, പല്ലുകളാൽ......

ജിഹാദ്.......?

അവൻ നടുങ്ങിപ്പോയി, ഒരുനിമിഷം പതറിപ്പോയി.
പിന്നീട്........
എവിടെനിന്നോ നേടിയൊരു ആവേശത്തിൽ,അവന്റെ വലതുകാൽ അയാളുടെ നാഭിയിൽ അമർന്നു.
പൊടുന്നനെ മിന്നിതെളിഞ്ഞ വൈദ്യുതി വിളക്കിന്റെ വെളിച്ചത്തിൽ അവൻ അയാളെ കണ്ടു.
അയാളുടെ തുറിച്ച കണ്ണുകൾ.........
പിളർന്ന വായ.........
നാഭിയിൽ കൈകൾ പൊത്തി നിലത്തേയ്ക്ക്  ചരിഞ്ഞു വീഴുന്നു.
അവളുടെ കൈ ഗ്രഹിച്ചവൻ പുറത്തേയ്ക്കോടി......
വീടിനു പിന്നിലൂടെ.............
പരമകാരുണീകനായ ന്റെറബ്ബേ.....!
*അവൻ പിറുപിറുത്തുകൊണ്ടിരുന്നു.*

****************************************************